# ഒരു വെളിച്ചപ്പാടിൻെറ മരണം

സുധീർ പണിക്കവീട്ടിൽ

**(ഭാരതത്തിൽ ക്രുസ്ത്യാനികൾക്കെതിരെ ഹിന്ദുക്കൾ അക്രമം കാട്ടുന്നു എന്ന വാർത്തയെ ആസ്പദമാക്കി രചിച്ച കാവ്യം. പ്രസിദ്ധീകരിച്ചത് ജനുവരി 8, 1999, ഇപ്പോഴും അത് കേൾക്കുന്നത് കൊണ്ട് പുനഃപ്രസിദ്ധീകരിക്കുന്നു) )**

പതിന്നാലു് തികയാത്തൊരോമന പെൺക്കുട്ടി
കണ്ണീരൊലിയ്ക്കും കവിളുമായി
അച്ഛൻെറ ദീനകിടക്കയ്ക്കരുകിൽ നിന്ന–
വശയായ് ആർത്തയായ് കേണീടുന്നു

ചെത്തിമിനുക്കാത്ത ഭിത്തിയും മേൽക്കൂര
ഓലയാൽ മേഞ്ഞുള്ള കൊച്ച് വീട്ടിൽ
അമ്മയില്ലാത്തൊരാ പെൺക്കുട്ടിയച്ഛൻെറ
ആരോമൽ പൊൻമകളായിരുന്നു

അച്ഛനോ ശ്രീ ദുർഗ്ഗക്ഷേത്രത്തിൽ പോകുന്ന
എല്ലാരുമറിയും വെളിച്ചപ്പാടും
മുറയായി തലമുറകൊണ്ട് നടക്കുന്ന
ആചാരം ക്രുത്യമായ് പാലിക്കുന്നാൾ

അന്നും പതിവ്പോൽ ക്ഷേത്രനടയിൽ വച്ചാ–
സാധു സ്വന്തം ശിരസ്സിൽ വെട്ടി
വാളാൽ തല വെട്ടി, വെട്ടിപൊളിയ്ക്കുന്ന
ക്രൂരമാം ആചാരം കണ്ട് നിൽക്കേ

ശ്രീയേശുദേവൻെറയനുയായി വൈദികൻ
അതുമെല്ലെ തടയാനങ്ങോടിയെത്തി
ആര്യക്കൂറുള്ളവർക്കന്ധവിശ്വാസികൾക്കാ–
കാഴ്ച്ച അപ്രിയമായിരുന്നു.

അവരാർത്തു പിന്നെയിരമ്പികൊണ്ടാ–
ദൈവദൂതനെ തല്ലിച്ചതച്ചു
എന്നിട്ടുമായേശുദാസനാദുഷ്ടന്മാർക്കെ–
തിരായിട്ടൊന്നും പറഞ്ഞതില്ല.

വെട്ടേറ്റ് വീണുകിടന്നായാ ഭക്തനെ
രക്ഷിക്കാൻ വൈദികൻ വെമ്പൽ പൂണ്ടു
മുറിവുകൾ മാരകമാണല്ലോയുടനെയീ
രോഗിയ്ക്ക് വൈദ്യസഹായം വേണം

ആരത് കേൾക്കുവാനന്ധരായ് തീർന്നല്ലോ

ഭക്തിയാൽ മാന്യ മഹാജനങ്ങൾ
ദേവിയ്ക്ക് നേദിച്ച മഞ്ഞൾപൊടിയെ-
ടുത്താരോ മുറിവുകൾ വച്ചു കെട്ടി

ഭദ്രമാണെല്ലാമിനിദേവി പ്രീതിയാൽ,
വൈദികൻ പോയി തുലഞ്ഞിടട്ടെ
കാളി, മഹാകാളി എന്നുഗ്രശബ്ദത്തിൽ
ദേവിയെ വാഴ്ത്തി ജനം പിരിഞ്ഞു.

ബോധമുണർന്നർദ്ധ പ്രാണനാമച്ഛന്റെ
വേദനതിങ്ങും ഞരങ്ങൽ കേൾക്കെ
ആരും തിരിഞ്ഞൊന്നു നോക്കുവാനില്ലാതെ
ബാലികയുള്ളാൽ പരിഭ്രമിച്ചു

എങ്ങുപോയ്, എങ്ങുപോയ് എല്ലാരും
അച്ഛന്റെ ശ്രീദുർഗാദേവിയുമെങ്ങുപോയി
അച്ഛനെ രക്ഷിക്കാനാവില്ലേ ദേവി യെ-
ന്നമ്മേ ഞാനൊറ്റക്കിന്നെന്തു ചെയ്‌വാൻ

ഏതൊരു ദൈവമാണാകൊച്ചു പെൺക്കുട്ടിക്കാ
ശ്രയമരുളുന്നതെന്ന് നോക്കാം
ളോഹ ധരിച്ചൊരു കത്തനാരാ വഴി
ദൈവത്തെപോലെ കടന്നുവന്നു

ആളുകൾ തല്ലിച്ചതച്ചിട്ടും ആതുരസേവനം
ചെയ്യുന്ന ദൈവദൂതൻ
കാരുണ്യകൈവിളക്കേന്തി നടക്കുന്ന
സ്നേഹം മുതലായ ദൈവപുത്രൻ

കാരുണ്യവാനായ ദൈവത്തെ കുമ്പിട്ടാ-
വൈദികൻ രോഗിക്കായ് പ്രാർത്ഥിക്കവേ
മൃത്യുവെടിഞ്ഞപോൽ രോഗി പ്രസന്നനായ്
പാതിരിയെ നോക്കി പുഞ്ചിരിച്ചു

കണ്ണീർക്കണങ്ങൾ തുടച്ചൊരു ദു:ഖം പോൽ
ദുർബ്ബലയായ് നിൽക്കും ബാലികയെ
കണ്ണാൽ വിളിച്ച് കൊണ്ടവളുടെ അച്ഛനാ-
അഭിവന്ദ്യയച്ചനെ ചൂണ്ടി ചൊല്ലി

അച്ചനെന്നൊരുവട്ടമീ ദിവ്യാത്മാവിനെ
മകളെ നീ ഒന്ന് വിളിക്കൂ വേഗം
അച്ഛൻ പറഞ്ഞതങ്ങുച്ചരിച്ചാകൊച്ച്
ബാലികയച്ഛനെ നോക്കി നിൽക്കെ

പാതിരിനീട്ടിയാ കൈപിടിച്ചാ സാധു
ഇഹലോകവാസം വെടിഞ്ഞുപോയി
അതിതീവ്രദു:ഖത്താലവളുടെയലമുറ
കേട്ടവർ കേട്ടവർ ഓടി വന്നു

അമ്മയുമച്ഛനുമിട്ടേച്ച് പോയല്ലോ
ദൈവത്തിൻ കനിവെല്ലാം വറ്റിപോയോ?
അമ്മേ മഹാകാളി നിൻെറ സന്തുഷ്ടിക്കായ്
അച്ഛൻെറ ജീവൻ പൊലിഞ്ഞ്പോയി

കരുണ കാണിച്ചെന്നെ കാത്തരുളീടേണം
അമ്മേ മഹാകാളി നീ ശരണം
വിസ്തൃതമാകുമീ വിശ്വത്തിലീകൊച്ച്
പെൺകിടാവൊറ്റയ്ക്ക് എന്തു ചെയ്യാൻ

ദൈവവചനങ്ങൾ നെഞ്ചോട് ചേർത്തുവച്ചാ-
നല്ല വൈദികൻ ആലോചിച്ചു
കുറിതൊട്ടോർ, കുറ്റിത്തലമുടിയുള്ളവർ
ചുറ്റിലും കൂട്ടമായ് നിന്നനേരം

അവരെ തൊഴുതുകൊണ്ടാ നല്ല വൈദികൻ
ഇങ്ങനെ മെല്ലെ പറഞ്ഞുപോയി
അഭയം ഞാൻ നൽകാമീ കുട്ടിയ്ക്ക്
സ്വന്തക്കാർ, ബന്ധുക്കൾ, ഉറ്റവരാരുമില്ല

ഒരു ബോംബ് പൊട്ടിയപോലെയാ വാചക
ലാവയിൽ ആൾക്കൂട്ടം പൊള്ളിപ്പോയി
നസ്രാണി നീയ്യൊക്കെ നാടുമുടിക്കുന്നു
മണ്ണിൻെറ മക്കളെ മാർഗ്ഗം കൂട്ടി

കെട്ടുകെട്ടീടുകയീ ക്ഷണം നിന്നെയി
ചുറ്റുവട്ടത്തിനി കാണരുത്
അറിവില്ലാത്തോർക്കായ് ദൈവത്തിനനുകമ്പ
യാചിച്ചാ വൈദികൻ പിന്മടങ്ങി

പിറ്റേന്ന് കാലത്ത് വഴിവക്കിൽ ആൾക്കൂട്ടം
ഒരു കാഴ്ച്ച് കണ്ടു നടുങ്ങി നിന്നു
കവിളിൽ നഖപ്പാടും പൊട്ടിയ ചുണ്ടും
തുറിച്ച് നോക്കീടുന്ന കണ്ണുകളും

കീറിപൊളിഞ്ഞുടുവസ്ത്രം മറയ്ക്കാത്ത
നഗ്നമാം മാറും ഒരു തുടയും
ക്രൂരമായി കശ്മലന്മാർ ചപ്പി തുപ്പിയ
സ്ത്രീത്വം മരിച്ച് കിടന്നിരുന്നു

ദേവിക്ക് സ്വന്തമായി ജീവനെ നൽകിയ
കോമരത്തിൻെറയരുമ പുത്രി
അച്ഛൻെറ രക്ഷയിൽ ജീവിത സ്പനങ്ങൾ
കണ്ടു വളരേണ്ടീ പെൺക്കിടാവ്

ഒരു പക്ഷെ ജന്മത്താൽ കിട്ടിയ ജാതിയി-
പെൺക്കുട്ടി മാറ്റിതിരുത്തിയാലും

ദൈവം കനിഞ്ഞേകും ആയുസ്സുണ്ടെങ്കിലാ
ജീവിതം ഭൂമിയിൽ പുഷ്പ്പിച്ചേനേ..

ആലംബമില്ലാതെ ഒറ്റക്കപ്പെട്ട
കൊച്ചരിപ്രാവിൻ ഗതിയിതായി
അവളും ബലിയാടായ് തീർന്നു നടുറോഡില-
ജ്ഞാത ശവമായിട്ടവശേഷിച്ചു

വൈദികൻ നീട്ടിയ ജീവിതം തട്ടി-
തെറുപ്പിച്ച വർഗീയ ഭ്രാന്തുള്ളവർ
ജീവിച്ച് പോകാനനുവദിച്ചീടാതെ
കൊന്നുകളഞ്ഞല്ലോ ബാലികയെ...

**ശുഭം**